# Little Dreams

## Digital Magazine

2018-19

**Govt. Higher Secondary School, Bhoothakulam**

**Kollam.** School Code: 41001



# സ്വാഗതം ....

# നമ്മുടെ വിദ്യാലയത്തിലേക്ക്.....



# ശ്രീ. എസ്. ശിവപ്രസാദ്
## ഹെഡ്മാസ്റ്റർ

*ഹൈ-ടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്." ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി.കൂട്ടായ്മയാണ് ഇത്.*

*പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവിനുപരിയായി ആധുനിക ഐ.ടി അറിവുകൾ എങ്ങനെ പ്രായോഗിക ജീവിതത്തിൽ ഉപയുക്തമാക്കാം എന്നതിന്റെ തെളിവാണ് ഈ ഡിജിറ്റൽ മാഗസിൻ. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ വരും വർഷങ്ങളിലെ കുട്ടികൾക്കും പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. ക്ലാസ് മുറികൾ ഹൈ-ടെക് ആവുന്നതിനൊപ്പം അധ്യാപകരും കുട്ടികളും ഹൈ-ടെക് ആവുന്നു എന്ന് കാണുന്നതിൽ വളരെ സന്തോഷമുണ്ട്. ഈ മാഗസിന്റെ രൂപീകരണത്തിനു വേണ്ടി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും ആശംസകൾ...*



## ശ്രീ. ജെ. ശ്രീകുമാർ

### PTA പ്രസിഡന്റ്

കഴിഞ്ഞ വർഷം ജനവരിയിൽ നമ്മുടെ സ്കൂളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾ തയ്യാറാക്കിയ ലിറ്റിൽ ഡ്രീംസ് എന്ന ഈ ഡിജിറ്റൽ മാഗസിൻ എന്തുകൊണ്ടും പ്രശംസ അർഹിക്കുന്നു. പുതിയ കാലത്തിന്റെ അടയാളമായ വിവരവിനിമയസാങ്കേതിക വിദ്യയിൽ നമ്മുടെ കുട്ടികൾ എത്രമാത്രം തല്പരരാണ് എന്നതിന്റെ തെളിവാണിത്. ഹൈ-ടെക് ക്ലാസ്മുറികളും ഹൈ-ടെക് ബോധനരീതികളും കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗം വിപ്ലവകരമായ പുരോഗതി നേടിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ആ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻ നമ്മുടെ കുട്ടികൾക്കുമാകട്ടെ എന്നാശംസിക്കുന്നു....






## Mrs. **V. Viji** (Senior Assistant)

*ലിറ്റിൽ കൈറ്റ്സ് ക്ലബ്ബംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ വളരെ ആകർഷകമായി അനുഭവപ്പെട്ടു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിൽ പുതിയ തലമുറയ്ക്കുള്ള ഉത്സാഹം പ്രശംസനീയമാണ്. കുട്ടികൾ സ്വന്തം രചനകൾ കൂട്ടിയിണക്കിക്കൊണ്ട് സ്വയം ഒരു മാഗസിൻ തയ്യാറാക്കുക...ഇത്തരം ഒരു അനുഭവം നമ്മുടെ സ്കൂളിൽ ആദ്യമായാണ്...! 'ലിറ്റിൽ ഡ്രീംസ്" എന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എന്റെ ആശംസകൾ......*



## ഗൗരി. ആർ (സ്റ്റുഡന്റ് എഡിറ്റർ)

കേരളത്തിലെ ഹൈടെക്ക് വിദ്യാലയങ്ങളിലെ ഐ. ടി കൂട്ടായ്മയാണ് ലിറ്റിൽകൈറ്റ്സ്.
എട്ടാംക്ലാസ്സിലെ 31 കുട്ടികളെചേർത്തുകൊണ്ട് 2018 ജനുവരിയിലാണ് നമ്മുടെ സ്കൂളിൽ ഈ കൂട്ടായ്മ ആരംഭിച്ചത്. അതിൽ ഒരാളായതിൽ ഞാൻ സന്തോഷിക്കുന്നു. എല്ലാ ബുധനാഴ്ചയും ഞങ്ങൾ ഒത്തുചേരുകയും ഐ. ടി ലോകത്തെ പുത്തൻ പഠനാനുഭവങ്ങൾ സ്വായത്തമാക്കുകയും ചെയ്യും.


Desktop publishing software ആയ LibreOffice writer ൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ നിർദ്ദേശം ലഭിച്ചപ്പോൾ ഞങ്ങൾക്ക് ഉത്സാഹമായി. ഞങ്ങളുടെ കൂട്ടുകാരിൽ നിന്നും സർഗരചനകൾ ശേഖരിക്കുകയും അവ ഡിജിറ്റലൈസ് ചെയ്യുകയും ചെയ്ത് കുറഞ്ഞസമയം കൊണ്ട് ഞങ്ങൾക്കാവുന്ന വിധത്തിൽ അവ ആകർഷണീയമാക്കി നിങ്ങൾക്കു സമർപ്പിക്കുന്നു. ഞങ്ങളോടൊപ്പം നിന്ന്, ഉപദേശങ്ങൾ തന്നും വഴികാട്ടിയും ഞങ്ങൾക്ക് പ്രചോദനം നൽകിയ എല്ലാ സുമനസ്സുകൾക്കും നന്ദി.

സ്നേഹത്തോടെ ,
സ്റ്റുഡന്റ് എഡിറ്റർ
**ഗൗരി. ആർ**

# LITTLE KiTes Masters' Desk

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈ-ടെക് ആയിക്കൊണ്ടിരിക്കുകയാണല്ലോ...അതിദ്രുതം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ സാങ്കേതികവിദ്യയെ അതേ വേഗതയിൽ പിന്തുടരാതെ ഇനിയൊരു തലമുറയ്ക്ക് ഇവിടെ നിലനില്പില്ല. അവർ പുതുലോകത്തിൽ പാർശ്വവൽക്കരിക്കപ്പെടാം. ഈയൊരു തിരിച്ചറിവാണ് ഹൈ-ടെക് വിദ്യാലയങ്ങൾ എന്ന ആശയത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസചിന്തകരെ കൊണ്ടുചെന്നെത്തിച്ചത്.
ഹൈ-ടെക് ബോധനരീതികൾക്ക് സാങ്കേതികമായും വൈജ്ഞാനികമായും പിന്തുണ നൽകുന്നതിനുവേണ്ടി കുട്ടികളുടെ ഒരു ഗ്രൂപ്പിനെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് ആരംഭിച്ചത്. അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനായി നേരത്തെ ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്.
എട്ടാം ക്ലാസ്സിലെ **31** കുട്ടികളെ ചേർത്തുകൊണ്ട് **2018** ജനുവരിയിലാണ് നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ആരംഭിച്ചത്. എല്ലാ ബുധനാഴ്ചയും വൈകുന്നേരമാണ് പരിശീലനം. പരിശീലനത്തിലൂടെ ലഭിച്ച അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്നത് കുട്ടികൾക്കുള്ള **Assignment** ആയിരുന്നു. **LibreOffice Writer** എന്ന **DTP software** ഉപയോഗിച്ച് സ്റ്റുഡന്റ് എഡിറ്റർ ആയ ഗൗരി.ആർ, സനുഷ സജീവ്, ഗൗരി.എം,ദേവിക.യു.വി. എന്നിവരുടെ നേതൃത്വത്തിലാണ് ഈ മാഗസിൻ പൂർത്തിയായത്. **UP, HS** വിഭാഗം കുട്ടികളിൽനിന്നും സർഗരചനകൾ ശേഖരിക്കുകയും അവ ആകർഷണീയമായി ചിട്ടപ്പെടുത്തുകയും ചെയ്ത ഇവർ തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. അവരുടെ വഴികാട്ടികൾ എന്ന നിലയ്ക്ക് ഞങ്ങൾക്കുമുണ്ട് അനല്പമായ അഭിമാനം....

| | |
|---|---|
| സിനി. ബി.എസ് | അനിൽ കുമാർ. സി |
| കൈറ്റ് മിസ്ട്രസ് | കൈറ്റ് മാസ്റ്റർ |



**താളുകൾ മറിക്കുമ്പോൾ....**


അമ്മ 10....................10
വിരഹം 11....................11
Rahul's presence of mind 12....................12
എന്റെ കേരളം....................14
Poem MY MOTHER....................15
Poem House of Gold....................16
Goury. R....................16
An Absent Minded Professor 17....................17
LITTLE ANIMALS....................18
Aswathy.V.S....................18
നാളെ തൻ നന്മയ്ക്കായ്....................19
ഇനി വരുമോ ആ സ്നേഹം?....................20
Grand Parents....................22
ഇനി എത്ര നാൾ....................24
പ്രളയത്തെ നേരിട്ട കേരളം....................26
കേരളം....................28

# അമ്മ





നിഖിത ഷാജി
IX F

ഇളം തളിരായ് മനസ്സിൽ വസിക്കുന്ന
സ്നേഹ നിധിയാണെന്നമ്മ .
പത്തു മാസം നമ്മുടെ വരവിനായി കാത്ത്,
നമ്മൾ നന്നാകുവാൻ ശാസിക്കുകയും,തല്ലുകയും ചെയ്ത്
നമ്മളെ വാരിപ്പുണരാൻ കാത്തുനിന്നവളാണ് അമ്മ.
നോവുകളറിയാതെ ചെറു പ്രായത്തിൽ നിന്ന്
ഇപ്പോഴുള്ള ഈ നിലവരെ എത്തിച്ചതാണ് നമ്മുടെ അമ്മ .
നിന്റെ ചെറുപ്പത്തിൽ നീ കാട്ടുന്ന ഓരോ കുസൃതികൾക്കും
ഒരു ഉമ്മ മാത്രം തന്ന് നിന്നെ സ്നേഹിച്ചവൾ .
ജീവിതത്തിലെ ഓരോ വിരഹവും മനസ്സിലടക്കി
നിന്നെ നന്നായി പരിപാലിച്ചവൾ .....

# വിരഹം



ഗൗരി. ആർ
IX F

വിരഹമാം നിഴലുകൾ വന്നു പോകും ;
കൊട്ടും ചൂടിലായയല്ലോ മർത്യന്നു സ്വജീവിതം .
വിരഹത്തിൻ വേദന അറിയുന്നു ഞാൻ ,
ഈ നിമിഷമാം ചുരുളഴിയിൽ .
മരണത്തിൻ വക്കിൽ എത്തി നിൽക്കുന്നു ഞാൻ ഇതാ ...
ജീവിതത്തിൻ മൂല്യത എന്നിൽ നഷ്ടപ്പെട്ടിരിക്കുന്നുവോ ?..

കനലായി എരിയുന്നു ഈ ജീവിതം ,
കടലായി ഒഴുകുന്നു എൻ കണ്ണനീർ .
ഇനി ഈ ജീവിതം എത്രനാൾ ?
ജീവനുവേണ്ടി പിടയുന്ന മനുഷ്യരിൽ
ജീവൻ ത്യജിച്ചു വാഴാൻ ഞാനേകൻ ...

എന്ന് ?....
എപ്പോൾ ?....
എവിടെ ?.....
എങ്ങനെ എന്റെ ജീവിതം ?.....

# Rahul's presence of mind 

Sanusha Sajeev

IX F




Rahul was alone at home . He was watching a movie in the television, suddenly the phone rang. He stood up and picked up the receiver and said, "Hello" but there was no response from the other end.He disconnected the call and continued watching movie. A few minutes later the phone rang again. At first he hesitated to attend the call. But the call kept going, then he picked the receiver and said "Hello". He heard an uncanny voice from the other end. It was a male voice. The man was asking about his father and whether he was alone at home. He disconnected the call and continued watching the movie.

After ten minutes he heard a knocking sound from his front door. He rushed to the door and peeped through the key hole. He saw a tall weird looking man. He felt a bit frightened. He rushed to his room and took the

*phone and called his uncle, who resides nearby. Rahul related the incident to his uncle. He asked him not panic and promised that he will come soon. A few minutes later his uncle came with his friends and his pet dog. The dog rushed to the man and bit his leg. The man struggle hard to escape but uncle and his friends subdued him and tied him in a tree and call the police.*

*Soon, the police came and busted him and took him to the police station. Everyone there appreciated Rahul for his presence of mind.*



# എന്റെ കേരളം

അഭിരാമി . എസ് .ബി
5E



കേരങ്ങൾ തിങ്ങുന്ന കേരളമേ...
കേളികൊട്ടുയരുന്ന കേരളമേ...
കോമള നാടെന്നു കവികൾ പുകഴ്ത്തിയ
ഭാർഗ്ഗവരാമന്റെ കേരളമേ..

തുള്ളൽ , കഥകളി , കൂടിയാട്ടം , കല
നിത്യം വസി നല്ല നാടേ....
സമ്പൽ സമൃദ്ധിയും സർവ്വാഭിവൃദ്ധിയും
നിത്യം വിളങ്ങുന്ന പുണ്യ നാടേ....

മാതൃകയായി മറ്റു ദേശങ്ങൾക്കെന്നും
മഹിതയായ് സ്ഥാനം അലങ്കരിക്കു...

Poem

# MY MOTHER

Aswathy.V.S
V E



To my mother
For my mother
My loving mother
My caring mother
My friend is mother
My God is mother

To my mother
For my mother
My blood is mother
My life is mother
My teacher is mother
My truth is mother

Poem

# House of Gold

Goury. R

IX F

She asked ,"son... when I grow old
will you buy me a house of gold?
And when your father turns to soil
will you take care of me?"

I will make you queen of everything you see
I will put you on the map
I will cure you of disease
We will make pretend that you and me
Lived ever after happily

Oh!since we know that dreams are dead
And life turns plans up on their head
I will make you happier
Will you take care of me

She asked, "son... when I grow old
Will you buy me a house of gold?
When your father turns to stone
Will you take care of me ?"

# AN ABSENT MINDED PROFESSOR

17

Sanusha Sajeev
IX F



(Once a professor was travelling by train , the ticket examiner came)

Examiner : Shall I see your Ticket?

Professor : (searching everywhere)

Examiner : shall I see it on my next round?

(Examiner came again)

Examiner : Ticket?

Professor : Searched,cant find the Ticket.

Examiner : Doesnt matter...

Professor : It doesnt matter, but I must know where I am going to.....!!




# LITTLE ANIMALS


Aswathy.V.S





*I am a little bird*
*KU KU KU*
*I am a little goat*
*MA MA MA*
*I am a little snake*
*SI SI SI*
*I am a little elephant*
*TRUMPET TRUMPET TRUMPET*





*I am a dragonfly*
*SHE SHE SHE*
*I am a little Dog*
*BOW BOW BOW*
*I am little cat*
*MEW MEW MEW*

# നാളെ തൻ നന്മയ്ക്കായ്...

Abhirami. S.B
V-E

വരിക വരിക കൂട്ടരേ
നാളെതൻ നന്മയ്ക്കായ്
വിദ്യതേടി വിളവുതേടി
ലോകമെങ്ങും പോയിടാം

മനസ്സുറച്ചു വരിക നീ
വിജയബോധമോടെ നീ
നാളെതൻ പ്രഭാതവും
നമ്മുടെതാണെന്നോർക്ക നീ.......


19

# ഇനി വരുമോ ആ സ്നേഹം?

Goury.R

**കോരി**ച്ചൊരിയുന്ന മഴ. കുട പോലും ഇല്ലാതെ ഒരു സ്ത്രീ നനഞ്ഞുവരുന്നു.ജോലി കഴിഞ്ഞുള്ള വരവാണ്.ആ സ്ത്രീ ഒരു

അമ്മയാണ്. ഒരേയൊരു മകനാണ് അവർക്കുള്ളത്. അവരുടെ വീട്ടിൽ ആ അമ്മയും മകനും മാത്രം. വളരെ ദാരിദ്ര്യമായിരുന്നു അവർക്ക്. എങ്കിലും ആ അമ്മ മകനെ ഒരു കുറവും വരാതെയാണ് വളർത്തിയത്. മകന് നാല് വയസ്സുള്ളപ്പോൾ അവന്റെ അച്ഛൻ ഇവരെ രണ്ടുപേരേയും ഈ ഭൂമിയിൽ തനിച്ചാക്കി അകലെ മറഞ്ഞു.

ഈ അമ്മ കഷ്ടപ്പെട്ട് തന്റെ മകനെ പഠിപ്പിച്ച് വളർത്തി. എന്നും ക്ലാസിൽ ഒന്നാമനാണ്. അമ്മ അവനെ ഉണ്ണി എന്നാണ് വിളിച്ചിരുന്നത്. ആ മകനായിരുന്നു ആ അമ്മയുടെ പ്രതീക്ഷ. ഒരിക്കൽ ഒരു തിരുവോണനാളിൽ ഉണ്ണി മുറ്റത്തു കളിക്കുകയായിരുന്നു. അവരെല്ലാം അയൽ പക്കത്തെ കുട്ടികളാണ്.ഓണമായതിനാൽ അവരെല്ലാം പുത്തൻ കോടി ധരിച്ചിരുന്നു. ഉണ്ണി മാത്രം ഒരു പഴയ ഷർട്ടും,ട്രൗസറും. അവരുടെ ലീലകൾക്കിടയിൽ ഉണ്ണിയോടൊരു കുട്ടി ചോദിച്ചു ടാ ഉണ്ണീ.... നിനക്ക് പുത്തൻ ഉടുപ്പ് വാങ്ങിയില്ലേ?അവന്റെ അമ്മേടെ കയ്യിൽ


വല്ലോം വേണ്ടേ. ഒരു പരിഹാസരീതിയിൽ മറ്റൊരു

കുട്ടിപറഞ്ഞു.ഉണ്ണിക്ക് വളരെ വിഷമമായി. ഇത് അവന്റെ അമ്മ കേൾക്കാൻ ഇടയായി. അവന്റെ അമ്മയ്ക്ക് അവനെ ഒരു ഡോക്ടർ ആക്കണമെന്നായിരുന്നു ആഗ്രഹം. അതിനായി താൻ ജോലി ചെയ്ത് കൊണ്ടു വരുന്നതിന്റെ ഒരു പങ്ക് അവർ ഒരു കൊച്ചു മൺകുടുക്കയിൽ സൂക്ഷിച്ചിരുന്നു. അവനെ പഠിപ്പിക്കാൻ വേണ്ടിയായിരുന്നു അത്.

അവന്റെ മുഖത്തെ വിഷാദം കണ്ട് അമ്മയുടെമനസ്സ് വേദന കൊണ്ട് പുളഞ്ഞു. അമ്മയുടെ കണ്ണ് അറിയാതെ ഈറനണിഞ്ഞുപോയി.ആ പണം നിറച്ച കുടുക്ക അമ്മയെടുത്ത് പൊട്ടിച്ച്, അതിലെ പണം എണ്ണുകയായിരുന്നു. ഏകദേശം നാന്നൂറ് രൂപ ഉണ്ട്.ആ പൈസ അവർ കയ്യിൽ എടുത്തു. ഉണ്ണീ, വാ മോനേ നിനക്ക്, ഓണമായിട്ട് കോടി എടുത്തില്ലല്ലോ?അമ്മ ചോദിച്ചു.ഉണ്ണിയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.കുറച്ചു നേരം അവൻ എന്തോ ആലോചനയിലാണ്ടു പോയി. പെട്ടെന്ന് എന്തോ ഓർത്തതുപോലെ അവൻ തുടർന്നു. വേണ്ടമ്മേ അല്ലെങ്കിൽ തന്നെ ബുദ്ധിമുട്ടാണ് അതിനിടയിൽ .... നമ്മൾ പാവപ്പെട്ടവർക്ക് കോടിയുടുക്കാൻ വിധിയില്ലെന്ന് ഞാൻ കരുതിക്കോളാം. വിഷമം മറച്ച് അവൻ ചിരിക്കാൻ ശ്രമിച്ചത് അമ്മയ്ക്ക് മനസ്സിലായി. അമ്മ അവനെ നിർബന്ധിച്ച് കടയിലേക്ക് കൂട്ടികൊണ്ടുപോയി.ഉച്ചസമയമായതിനാൽ കവലയിൽ തിരക്കില്ലായിരുന്നു. കോടിവാങ്ങിയുള്ള മടക്കയാത്രയിൽ ഉണ്ണി തുള്ളിച്ചാടി കളിച്ച്, രസിച്ച് മുന്നിലും ,ഓടല്ലേ ഉണ്ണീ എന്ന ശാസനയോടെ അമ്മ പിന്നിലും.പെട്ടെന്നായിരുന്നു ആ ദുരന്തം. ചീറിപ്പാഞ്ഞ് ഉണ്ണിയുടെ നേരേ വരുന്ന ഒരു വണ്ടിയെ കണ്ട് അമ്മയുടെ ഉള്ളം പിടഞ്ഞു. അവർ ഓടി വന്ന് മകനെ റോഡിനെതിർ വശത്തേക്ക് തള്ളിമാറ്റിയതും ആ വണ്ടി അമ്മയെ ഇടിച്ചിട്ടു കടന്നുകഴിഞ്ഞിരുന്നു. ചോരയിൽ മുങ്ങിക്കിടക്കുന്ന അമ്മയെ കണ്ട് മകന്റെ സമനില തെറ്റി. അവൻ അമ്മേ എന്ന് നിലവിളിക്കാൻ തുടങ്ങി. അടുത്ത് എത്തിയപ്പോഴേക്കും അമ്മയുടെ ശ്വാസം നിലച്ചു.

# Grand Parents

Sanusha Sajeev
IX F



*Grand parent's love,*
*It seems only like yesterday*
*Our lives were just beggining*
*Your love for us never failed,*
*Our hearts continually mending.*
*It's strange to watch time fly.*
*Before our very eyes,*
*Which reminds me of the blessing*
*That we have you in our lives.*
*To have yet to feel the touch*
*That's as gentle as your hand*
*The closeness of our family.*
*One could never understand*
*As each of our lives ,continues to change,*
*Reflections of your love in each of us remain,*
*You have pointed out the path.*
*And led as along the way;*
*The wisdom you have planted*
*We each still hold today*

കുട്ടിക്കവിത

# അമ്മുവിന്റെ തത്ത

അഭിരാമി. എസ്.ബി
V E



അമ്മുവിനുണ്ടൊരു തത്ത
പാലുകുടിക്കും തത്ത
പാട്ടുകൾ പാടും തത്ത
കഥകൾ പറയും തത്ത
അമ്മുവിനൊപ്പം എന്നും
പാറിനടക്കും തത്ത

നെന്മണി കൊത്തും തത്ത
അമ്മുവിനൊപ്പം വയലേലകളിൽ
പാറി നടക്കും തത്ത
അമ്മുവിനുണ്ടൊരു തത്ത
അമ്മുവിന്റെ സ്വന്തം തത്ത


# ഇനി എത്ര നാൾ

ദേവിക.ബി.എസ്.പിള്ള
VII A



"അമ്മേ ഞാൻ ഒരു ആഗ്രഹം പറയട്ടെ"അവൻ പറഞ്ഞു. "മോൻ പറഞ്ഞോ" അമ്മ പറഞ്ഞു. "എന്റെ സ്കൂളിലെ പിള്ളേർക്കെല്ലാം സൈക്കിളുണ്ട്.എനിക്കും വേണം അമ്മേ"..."ഓ... ഇതാണോ കാര്യം , ഞാൻ നോക്കട്ടെ", അങ്ങനെ കുറേ നാൾ കഴിഞ്ഞു."അമ്മേ ഞാൻ എത്ര നാളായി പറയുന്നു, എനിക്ക് സൈക്കിൾ വേണമെന്ന്"..."വാങ്ങിത്തരാം മോനെ"..."ഇങ്ങനെ എപ്പോഴും ഒഴിവുകഴിവു പറയും. ഉം...ഞാൻ സ്കൂളിലേക്ക് പോവ്വാ"...അവൻ വിഷമത്തോടെ സ്കൂളിൽ പോയി. തിരിച്ചു വന്നപ്പോൾ മുറ്റത്തൊരു സൈക്കിൾ...! അവന് സന്തോഷമായി."അമ്മേടെ കൈയ്യിൽപൈസയുണ്ടല്ലോ ...പിന്നെന്തിനാ അമ്മ സൈക്കിൾ വാങ്ങാൻ മടിച്ചത്...?" അമ്മ

പെട്ടെന്ന് എന്തോ ഒരു നിമിഷം ആലോചിച്ചു, എന്നിട്ട് പറഞ്ഞു,"ഒന്നുമില്ല"...അവൻ പിറ്റേന്ന് സന്തോഷത്തോടെ സൈക്കിളുമായി സ്കൂളിലേക്ക് പോയി. വളരെ തിരക്കുള്ള റോഡ്.പെട്ടെന്ന് ഒരു കാർ വന്ന് അവനെ ഇടിച്ചു. അവിടം ആകെ ബഹളമയമായി.ആ വാർത്തകേട്ടതോടെ അവന്റെ അമ്മ ചങ്കുപൊട്ടി കരയാൻ തുടങ്ങി. ആശുപത്രിയിലെത്തി. കുറേനാൾകഴിഞ്ഞു. ഒരു ദിവസം ആ കുട്ടി അമ്മയോട് ചോദിച്ചു, "അമ്മ ഇതുകൊണ്ടാണോ എനിക്ക് സൈക്കിൾ വാങ്ങാൻ മടിച്ചത്?" " അതെ മോനെ...മോൻ ഇടയ്ക്ക് ചോദിക്കാറില്ലേ, എന്റെ അച്ഛൻ എവിടെയാന്ന്... നിന്റെ അച്ഛൻ ഇതുപോലൊരു അപകടത്തിലാണ് മരിച്ചത്"... പെട്ടെന്ന് ആ അമ്മ നിശ്ശബ്ദയായി. "ഇനി എത്ര നാൾ നമ്മൾ ഇങ്ങനെ വിഷമിക്കും... വിഷമിക്കണ്ട അമ്മേ നമ്മളെ ദൈവം കാത്തോളും", അവർ ഇരുവരും കെട്ടിപ്പിടിച്ച് ആനന്ദക്കണ്ണീർ പൊഴിച്ചു.



# പ്രളയത്തെ നേരിട്ട കേരളം

അശ്വതി. പി.എസ്
V E



കേരളം നേരിട്ട ഒരു വലിയ ദുരന്തമായിരുന്നു പ്രളയം എന്ന്നിങ്ങൾക്ക്അറിയാമല്ലോ...ഈ ദുരന്തത്തിനുകാരണംനമ്മൾതന്നെയാണ്.മലകളും കുന്നുകളുംപുഴകളും കുന്നുകളുംപുഴകളും എല്ലാം നശിപ്പിച്ചതിന്റെതിരിച്ചടിയായിട്ടാണ്പ്രളയം ഉണ്ടായത്.കുറച്ചുപേർതെറ്റ്ചെയ്തതിന്റെഫലമായിട്ടാണ് എല്ലാവരുംശിക്ഷഅനുഭവിക്കേണ്ടിവന്നത്.

ജലം സ്വാഭാവികമായി ഒഴുകിക്കൊണ്ടിരുന്ന നീർച്ചാലുകളും മറ്റും നികത്തപ്പെട്ടതിന്റെ ഫലമായി നദികളിലെ ജലം നാടാകെ നിറഞ്ഞു. ഡാമുകൾ ഒന്നിച്ചു തുറക്കേണ്ടിവന്നത് ദുരന്തത്തിന്റെ തീവ്രത വർധിപ്പിച്ചു.

എങ്കിലും മലയാളികൾ ആണ് നമ്മൾ എന്നതിൽ നമുക്ക് അഭിമാനിക്കാം. കാരണം ജാതിമത-സമ്പന്ന ദരിദ്ര വ്യത്യാസമില്ലാതെ നമ്മുടെ സഹോദരി സഹോദരന്മാരെയും കുഞ്ഞുങ്ങളെയും സഹായിക്കാൻ നാംഒന്നിച്ചു. നമ്മെക്കൊണ്ടാവുന്ന വിധത്തിൽ ആഹാരവും വസ്ത്രവും മരുന്നും പഠനോപകരണങ്ങളും എല്ലാം ശേഖരിച്ചുനൽകി.

ഇനി ഇങ്ങനെ ഒരു ദുരന്തം ഉണ്ടാകാതെയിരിക്കാൻ വേണ്ടി നമ്മൾ കരുതലെടുക്കണം. പ്രകൃതിയെ ഒരുതരത്തിലും ദ്രോഹിക്കരുത്. മഴയും മണ്ണും കാടും പുഴയും ഉള്ള കേരളത്തെ നമുക്ക് പുനർജ്ജനിപ്പിക്കാം. മരങ്ങൾ നട്ടുപിടിപ്പിച്ചും പുഴകളും കാടും സംരക്ഷിച്ചും നമുക്ക് മാതൃകയാവാം. അങ്ങനെ നമ്മുടെ കേരളത്തെ വീണ്ടും ഹരിതമനോഹരമായ ദൈവത്തിന്റെ നാടായി മാറ്റിയെടുക്കാം.

# കേരളം


അഭിരാമി. എസ്.ബി


V E





ഭാരതത്തിന്റെ തെക്കേ ഭാഗത്തുള്ള ഒരു ചെറിയ സംസ്ഥാനം അണ് കേരളം. പതിനാലു ജില്ലകൾ മാത്രം ഉള്ള ഒരു ചെറിയ സംസ്ഥാനമാണ് കേരളം. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും മലബാറും ചേർന്നതാണ് കേരളം. 1956-ൽ നവംബർ-1-നാണ് കേരളം രൂപപ്പെട്ടുന്നത്. കേരളത്തിന്റെ ഔദ്യഗിക മൃഗം- ആന. ഔദ്യഗിക മത്സ്യം- കരിമീൻ, ഔദ്യഗിക പക്ഷി-മലമുഴക്കിവേഴാമ്പൽ, ഔദ്യഗിക പുഷ്പം- കണിക്കൊന്ന. തലസ്ഥാനം- തിരുവനന്തപുരം. 44 നദികൾ കേരളത്തിലൂടെ ഒഴുകുന്നു.

ഇരുപത്തിയൊൻപത് സംസ്ഥാനങ്ങളുള്ള ഇന്ത്യയിൽ ഏഴ് സ്മാർട്ട്സിറ്റികളുണ്ട്. അതിൽ ഏഴാമത്തേത് നമ്മുടെ സ്വന്തം കൊച്ചി. 2016 നവംബർ 1 ന് കേരളത്തിന് 60 വയസ് തികഞ്ഞു. കേരളത്തെ വിശേഷിപ്പിക്കുന്നത് ഇന്ത്യയുടെ സുഗന്ധവ്യഞ്ജനത്തോട്ടം എന്നാണ്.



# PHOTO GALLERY















Thank You